**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4679** **19-03-2025 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിൽ കടൽക്ഷോഭം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ കടൽക്ഷോഭം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ കടൽക്ഷോഭം തടയുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് ഏതെങ്കിലും വിദഗ്ധസംഘം പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | വേൾഡ് ബാങ്കുമായി ബന്ധപ്പെട്ട പദ്ധതികളുടെ ഭാഗമായുള്ള മിഷൻ ഡയറക്ടറേറ്റ് സംഘം 06.01.2025-ന് കാസർഗോഡ് ജില്ലയിൽ വരുന്ന കണ്വതീർത്ഥ, പെരിങ്ങടി, കോയിപ്പാടി, പെർവാഡ്, നാങ്കി-കൊപ്പളം എന്നീ കടപ്പുറങ്ങൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പൂർത്തീകരിച്ച പ്രവൃത്തികൾ**

| ക്രമ നം | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ |
|---|---|---|
| 1 | കാസർഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമ പഞ്ചായത്തിലെ പെരിങ്ങടി കടപ്പുറത്ത് ജിയോബാഗ് ഉപയോഗിച്ച കൊണ്ടുള്ള എമർജൻസി കടൽ ഭിത്തി നിർമാണം | 80 |
| 2 | കാസർഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമ പഞ്ചായത്തിൽ പെരിങ്ങടി ബീച്ച് റോഡിന് വടക്കേ അറ്റത്ത് ജിയോബാഗ് ഉപയോഗിച്ച കൊണ്ടുള്ള എമർജൻസി കടൽ ഭിത്തി നിർമാണം | 14.57 |
| 3 | മഞ്ചേശ്വരം മണ്ഡലത്തിൽ മംഗൽപാടി പഞ്ചായത്തിൽ ശാരദനഗർ എന്ന സ്ഥലത്ത് ചെയിനേജ് **9/050** മുതൽ **9/150** കി.മീ വരെ ജിയോബാഗ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മാണം | 5.50 |

**അംഗീകാരത്തിനായി തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലുകൾ**

| ക്രമ നം | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ |
|---|---|---|
| 1 | മഞ്ചേശ്വരം താലൂക്കിൽ കോയിപ്പാടി കടപ്പുറത്ത് **146** മീറ്റർ നീളത്തിൽ ചെയിനേജ് **20/000** മുതൽ **20/146** കി.മീ. വരെ ടെട്രാപോഡ് ഉപയോഗിച്ച് കൊണ്ടുള്ള കടൽഭിത്തി നിർമ്മാണം | 335 |
| 2 | മഞ്ചേശ്വരം താലൂക്കിൽ നാങ്കി–കൊപ്പളം കടപ്പുറത്ത് **930** മീറ്റർ നീളത്തിൽ ചെയിനേജ് **23/225** മുതൽ **24/155** കി.മീ. വരെ ടെട്രാപോഡ് ഉപയോഗിച്ച് കൊണ്ടുള്ള കടൽഭിത്തി നിർമ്മാണം | 2025 |
| 3 | കാസർഗോഡ് താലൂക്കിലെ കോയിപ്പാടി പെർവാഡ് കടപ്പുറത്ത് **200** മീറ്റർ നീളത്തിൽ ടെട്രാപോഡ് ഉപയോഗിച്ചകൊണ്ടുള്ള കടൽഭിത്തി നിർമാണം | 2738 |
| 4 | കാസർഗോഡ് താലൂക്കിലെ പെർവാഡ് കടപ്പുറത്ത് **1500** മീറ്റർ നീളത്തിൽ ടെട്രാപോഡ് ഉപയോഗിച്ചകൊണ്ടുള്ള കടൽഭിത്തി നിർമാണം | 3500 |
| 5 | കാസർഗോഡ് താലൂക്കിലെ ഷിറിയ കടപ്പുറത്ത് **300** മീറ്റർ നീളത്തിൽ ടെട്രാപോഡ് ഉപയോഗിച്ച കൊണ്ടുള്ള കടൽഭിത്തി നിർമാണം | 685 |
| 6 | മഞ്ചേശ്വരം മണ്ഡലത്തിൽ കടൽക്ഷോഭം തടയുന്നതിന് മഞ്ചേശ്വരം താലൂക്കിലെ കണ്വതീർത്ഥ കടപ്പുറത്ത് ടെട്രാപോഡ് ഉപയോഗിച്ച **1000** മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം | 2500 |

**സെക്ഷൻ ഓഫീസർ**